പരിപാലനത്തിനാവശ്യമായ ഡാറ്റാബാങ്ക് സൂക്ഷിക്കുകയും സാമ്പത്തിക-സാമൂഹിക-സാമ്പത്തിക-പരിസ്ഥിതി ഘടകങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക തുടങ്ങി ബില്ലിന്റെ 7 എഫ് വണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ സംഗതികൾക്കുമായാണ് നദീതട ബോർഡുകൾ രൂപീകരിക്കാനുദ്ദേശിച്ചിട്ടുള്ളത്. നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും അപ്പക്സ് ബോഡിയായിട്ടാണ് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) കാസി ജുഡീഷ്യൽ അധികാരങ്ങളൊന്നും പ്രസ്തുത ബില്ലിൽ പരാമർശിക്കുന്നില്ല.

(ഡി) 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ 184-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മഴവെള്ള സംഭരണികൾ

124 (6829) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിർമ്മിക്കുന്ന വീടുകളിലും കെട്ടിടങ്ങളിലും മഴവെള്ള സംഭരണികൾ നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) എത്ര വിസ്തീർണ്ണംവരെ ഉള്ള കെട്ടിടങ്ങൾക്കും വീടുകൾക്കുമാണ് മഴവെള്ള സംഭരണികൾ നിർബന്ധമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പഴയ കെട്ടിടങ്ങൾക്കുകൂടി ധനസഹായം നൽകി മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 101-ലും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 109 എ-യിലും ചേർത്തിട്ടുണ്ട്. ഓരോ പുതിയ കെട്ടിടങ്ങൾക്കും ഏക കുടുംബ വാസഗൃഹ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ മൊത്തം തറവിസ്തീർണ്ണം 150 Sq.mts വരെയും അവയുടെ കെട്ടിട ഭൂമിയുടെ മൊത്ത വിസ്തീർണ്ണം 320 Sq.mts വരെയുമാകുന്നവയ്ക്കും മഴവെള്ള സംഭരണ സംവിധാനങ്ങൾ നിർബന്ധമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള ഗ്രാമീണശുദ്ധജല വിതരണ ശുചിത്വ ഏജൻസിയിലെ മഴകേന്ദ്രം മുഖാന്തിരം നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം എന്ന പദ്ധതി അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെ അർഹരായ കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിക്കാവുന്ന സംഭരണികൾ സബ്സിഡി നിരക്കിൽ നിർമ്മിച്ചു നൽകുന്നു. ഈ പദ്ധതിയിൽ നിലവിലുള്ള വീടുകളാണ് ഉൾപ്പെടുന്നത്.

ജലശ്രീ ഹരിതശാല ലാബുകൾ

125 (6830) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വൂഡി വൂയിസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഷാഹി പറനിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലശ്രീ ഹരിതശാല ലാബുകളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എത്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എത്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) 2012-ൽ സംസ്ഥാന പരിസ്ഥിതി കാര്യാവസ്ഥാവ്യതിയാന വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിലായി 28 കോളേജുകളിൽ ജലശ്രീ-ഹരിതശാല ലാബ് പ്രവർത്തനം ആരംഭിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 28 കോളേജുകൾക്ക് ലാബുകൾ സജ്ജമാക്കുന്നതിനായി 25,000 രൂപ ധനസഹായവും പരിശീലനവും നൽകിയിരുന്നു. പ്രസ്തുത ജലശ്രീ-ഹരിതശാല ലാബുകൾവഴി അതാതു പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലെ ജലഗുണനിലവാരം സൗജന്യമായി പരിശോധിച്ച് നൽകുകയെന്നത് പദ്ധതിയുടെ ഭാഗമായിരുന്നു. കൂടാതെ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു :

1. സംസ്ഥാനത്തെ കോളേജുകളിലെ ലാബുകൾ കുടിവെള്ള പരിശോധനയ്ക്ക് സജ്ജമാക്കുക.
2. ഭൂമിത്രസേനയുടെ പ്രവർത്തനമുള്ള കോളേജുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനങ്ങൾക്ക് സൗജന്യമായി ജലഗുണ നിലവാരം പരിശോധിക്കുവാൻ സൗകര്യം ഒരുക്കുക.

LIBRARY ARCHIVES Kerala Legislative Assembly